പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ,
തിരുവനന്തപുരം

**EX-II/03/10810/HSE/2020**

തീയതി : 13/01/2021

# സർക്കുലർ

വിഷയം : - പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - ഒന്നാംവർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷ ഡിസംബർ 2020 - മൂല്യനിർണ്ണയ ക്യാമ്പുകളുടെ പ്രവർത്തനം പുന:ക്രമീകരിച്ചത് - സംബന്ധിച്ച്.

സൂചന :- 1. 14/12/2020 - ലെ ഇതേ നമ്പർ ഉത്തരവ്.
2. 04/01/2021 - ലെ ഇതേ നമ്പർ ഉത്തരവ്.
3. 12/01/2021 - ലെ ഇതേ നമ്പർ സർക്കുലർ.

2021 ജനുവരി 14 ന് ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന ഒന്നാംവർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷകളുടെ ഒന്നാംഘട്ട മൂല്യനിർണ്ണയം 27/01/2021 (ബുധനാഴ്ച) ലേക്ക് മാറ്റിയിരിക്കുന്നു. ഇംഗ്ലീഷ്, ഇക്കണോമിക്സ്, ജിയോളജി, ഹോം സയൻസ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇലക്ട്രോണിക്സ് സർവ്വീസ് ടെക്നോളജി, ഇലക്ട്രോണിക് സിസ്റ്റംസ്, മ്യൂസിക്, സോഷ്യൽ വർക്ക്, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ ഇൻഫർമേഷൻ ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് & ഇൻഫർമേഷൻ ടെക്നോളജി, ആന്ത്രപ്പോളജി, പാർട്ട് - 3 ഭാഷാ വിഷയങ്ങൾ, പാർട്ട് - 2 ഭാഷാ വിഷയങ്ങൾ, സംസ്കൃതം ശാസ്ത്ര, സംസ്കൃതം സാഹിത്യ, ഇംഗ്ലീഷ് ലിറ്ററേച്ചർ, പൊളിറ്റിക്കൽ സയൻസ്, ഇസ്ലാമിക് ഹിസ്റ്ററി & കൾച്ചർ, മാത്തമാറ്റിക്സ് (സയൻസ് & കോമേഴ്സ്) എന്നീ വിഷയങ്ങളുടെ മൂല്യനിർണ്ണയമാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. .

**രണ്ടും മൂന്നും ഘട്ട മൂല്യനിർണ്ണയങ്ങൾ നിശ്ചയിച്ച തീയതികളിൽ തന്നെ മാറ്റമില്ലാതെ നടക്കുന്നതാണ്.**

നിയമനം ലഭിച്ച അധ്യാപകരെ അതാത് വിഷയങ്ങളുടെ മൂല്യ നിർണ്ണയം നടക്കുന്ന തീയതികളിൽ, ക്യാമ്പുകളിൽ പങ്കെടുക്കുന്നതിനായി പ്രിൻസിപ്പൽമാർ യഥാസമയം സർവ്വീസ് സർട്ടിഫിക്കറ്റ് നൽകി വിടുതൽ ചെയ്യേണ്ടതാണ്. മൂന്ന് ഘട്ടങ്ങളിലായി നടത്തപ്പെടുന്ന മൂല്യനിർണ്ണയ ക്യാമ്പിൽ ഓരോ ഘട്ടത്തിലുമുള്ള വിഷയങ്ങൾക്കനുസരിച്ച് മാത്രം അധ്യാപകരെ വിടുതൽ ചെയ്യുന്നതിനായി പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്.

**സെക്രട്ടറി**
ബോർഡ് ഓഫ് ഹയർ സെക്കന്ററി
എക്സാമിനേഷൻസ്, കേരള